**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1823** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.ക്ക് പുനരുദ്ധാരണ പാക്കേജ് ആയി ഓരോ വർഷവും എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച സാമ്പത്തിക സഹായം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. എന്തെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്നതിന്റെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം ഡിസംബർ മാസം വരെ ശമ്പളയിനത്തിൽ 1921.39 കോടി രൂപയും, പെൻഷൻ ഇനത്തിൽ 2517.66 കോടി രൂപയും, കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.എഫ്.സി.യിൽ നിന്നെടുത്ത വായ്പകളുടെ പലിശയിനത്തിൽ കുടിശ്ശികയുണ്ടായിരുന്ന തുക സർക്കാർ നേരിട്ട് കെ.ടി.ഡി.എഫ്.സി.യ്ക്ക് അടച്ച ഇനത്തിൽ 46.70 കോടി രൂപയും, ശബരിമല സ്പെഷ്യൽ സർവ്വീസുകളുടെ ക്രമീകരണത്തിനായി 15 കോടി രൂപയും, ജീവനക്കാർക്ക് ഓണക്കാലത്ത് ബോണസ് അനുവദിക്കുന്നതിനായി 15 കോടി രൂപയും, എൻ.പി.എസ്. തിരിച്ചടവിനത്തിൽ 27.68 കോടി രൂപയും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും, ഓയിൽ കമ്പനികൾക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക തുകയിൽ ഐ.ഒ.സി.യ്ക്ക് നൽകിയ 20 കോടി രൂപയും, കൺസോർഷ്യം വായ്പ തിരിച്ചടവിനായി 80 കോടി രൂപയും, ജീവനക്കാർക്ക് ഇടക്കാലാശ്വാസം വിതരണം ചെയ്യുന്നതിനായി 4.37 കോടി രൂപയും, അസ്ഥിര ജീവനക്കാർക്ക് എക്സ്ഗ്രേഷ്യ അനുവദിച്ച വകയിൽ 2.11 കോടി രൂപയും, സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസും നടപ്പിലാക്കുന്നതിനായി ആദ്യഘട്ടമായി 2.73 കോടി രൂപയും കൂടാതെ വിവിധ പദ്ധതികൾക്കായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 45.59 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വാഹനങ്ങൾ ഏത് ഫണ്ട് ഉപയോഗിച്ച് വാങ്ങാനാണ് തീരുമാനം എടുത്തിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ; | (സി) | ഉണ്ട്. KIIFB-യുടെ വായ്പ ഉപയോഗിച്ച് 310 സി.എൻ.ജി. ബസുകളും, സംസ്ഥാന സർക്കാരിന്റെ 2020-21 സാമ്പത്തിക പദ്ധതിവിഹിതം ഉപയോഗിച്ച് 72 ഫുള്ളി ബിൽറ്റ് നോൺ എസി ബിഎസ് 6 ഡീസൽ ബസ്സുകളും 8 പ്രീമിയം ക്ലാസ്സ് ഫുള്ളി ബിൽറ്റ് എസി-സ്ലീപ്പർ ബിഎസ് 6 ഡീസൽ ബസ്സുകളും, 20 എണ്ണം സെമി പ്രീമിയം ക്ലാസ്സ് ഫുള്ളി ബിൽറ്റ് എസി-സീറ്റർ ബസ്സുകളും ചേർത്ത് ആകെ 410 ബസ്സുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. |
| (ഡി) | ഉപയോഗ ശൂന്യമായതും കാലപ്പഴക്കം ചെന്നതുമായ കെ.എസ്.ആർ.ടി.സി. ബസ്സുകൾ എങ്ങനെയാണ് ഒഴിവാക്കുന്നതെന്നു വ്യക്തമാക്കുമോ? | (ഡി) | ഉപയോഗശൂന്യമായതും കാലപഴക്കം ചെന്നതുമായ ബസ്സുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ MSTC മുഖേന E-Auctionനിലൂടെ ആണ് വില്പന നടത്തുന്നത്. കൂടാതെ സർവ്വീസ് യോഗ്യമല്ലാത്ത കാലപ്പഴക്കം ചെന്ന ബസുകൾ രൂപമാറ്റം വരുത്തി Shop on Wheel, Staff Sleeper എന്ന തരത്തിലും ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## 25.05.2016 മുതൽ 13.01.2021 വരെ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച സർക്കാർ ധനസഹായം

| സാമ്പത്തിക വർഷം | മേജർ ശീർഷകം | അനുവദിച്ച തുക (തുക കോടി രൂപയിൽ) |
|---|---|---|
| 2016-17 (01.05.2016-31.03.2017) | 7055 | 265 |
| | 5055 | 40.61 |
| | **ആകെ** | **305.61** |
| 2017-18 | 7055 | 835.00 |
| | 5055 | 29.60 |
| | **ആകെ** | **864.60** |
| 2018-19 | 7055 | 1056.35 |
| | 5055 | 5.60 |
| | **ആകെ** | **1061.95** |
| 2019-20 | 7055 | 988.36 |
| | 5055 | Nil |
| | **ആകെ** | **988.36** |
| 01/04/2020 to 13.01.2021 | **7055** | 1474.91 |
| | **5055** | 2.7362 |
| | **ആകെ** | **1477.64** |
| 25.05.2016 മുതൽ 13.01.2021 വരെ അനുവദിച്ച തുക | | **4698.16** |

സെക്ഷൻ ഓഫീസർ